പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3865

23.08.2017 ൽ മറുപടിക്ക്

**ക്ഷേത്ര നിയമനങ്ങളിലെ ജാതി വിവേചനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ്<br>,, എൻ. വിജയൻ പിള്ള<br>,, കെ.വി.വിജയദാസ്<br>,, കെ.കുഞ്ഞിരാമൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ദേവസ്വം ബോർഡ് മാവേലിക്കര സബ് ഗ്രൂപ്പിന് കീഴിലുള്ള ചെട്ടിക്കുളങ്ങര ക്ഷേത്രത്തിൽ ജാതി വിവേചനം മൂലം ശ്രുതികുമാർ എന്നയാൾക്ക് ക്ഷേത്ര ജീവനക്കാരനായി നിയമനം നിഷേധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ;<br>(ബി) ക്ഷേത്ര നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത സംഭവത്തിൽ ദേവസ്വം ഭാരവാഹികൾ ക്കെതിരെ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) & (ബി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുപ്രീംകോടതി വിധിക്കെതിരായ നടപടി കൈകൊണ്ടവർ ക്കെതിരെ നിയമ നടപടി കൈകൊള്ളുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ ആചാരമെന്ന വ്യാജേന നടത്തുന്ന അയിത്താചരണം കർശനമായി അവസാനിപ്പിച്ച്, ക്ഷേത്ര ജീവനക്കാരുടെ നിയമനത്തിലും ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളിലും പിന്നോക്ക ജാതിക്കാർക്ക് അവസരസമത്വം ഉറപ്പാക്കാൻ നടപടിയുണ്ടാകുമോ? | (സി) സംവരണതത്വം പാലിച്ചുകൊണ്ട്, കേരളത്തിലെ എല്ലാ ദേവസ്വം ബോർഡു കളുടെയും പാരമ്പര്യേതര തസ്തികകളിൽ നിയമനം നടത്തുന്നതിനായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ